നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

## ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പ്രകാരം, ഒഴിവുള്ള എം.ബി.ബി.എസ്., ബി.ഡി.എസ്. സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നു

(W.P.(C)No.513/2009 Dated: 20.11.2009)

സർക്കാർ ഡെന്റൽ കോളേജുകളിൽ അഖിലേന്ത്യാ ക്വാട്ടയിൽ ഒഴിവുവന്ന **18** ബി.ഡി.എസ്. സീറ്റുകളിലും കോട്ടയം മെഡിക്കൽ കോളേജിൽ ഒഴിവുവന്ന ഒരു എം.ബി.ബി.എസ് സീറ്റിലും അഡ്മിഷൻ നടത്താൻ ബഹു: സുപ്രീം കോടതി ഉത്തരവായി. ഇതനുസരിച്ച് എം.ബി.ബി.എസിലെ **ഒരു** സീറ്റ് സ്റ്റേറ്റ് മെറിറ്റിനും, ബി.ഡി.എസിലെ **11** സീറ്റുകൾ സ്റ്റേറ്റ് മെറിറ്റിനും, **2** സീറ്റുകൾ വീതം ഈഴവ, മുസ്ലീം, എസ്.സി. എന്നീ വിഭാഗങ്ങൾക്കും, **ഒരു** സീറ്റ് പിന്നോക്ക ഹിന്ദു വിഭാഗത്തിനും ലഭ്യമാണ്. ഈ അഡ്മിഷൻ പ്രക്രിയയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എം.ബി.ബി.എസ്/ ബി.ഡി.എസ്. കോഴ്സിന് യോഗ്യത നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ ഒറിജിനൽ രേഖകളുമായി **തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന് പിൻഭാഗത്തുള്ള മന്നം മെമ്മോറിയൽ നാഷണൽ ക്ലബ്ബ് ആഡിറ്റോറിയത്തിൽ 25.11.2009 (ബുധനാഴ്ച) രാവിലെ 10 മണിക്ക്** ഹാജരാകേണ്ടതാണ്.

സർക്കാർ കോളേജുകളിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളെ അതേ കോഴ്സിൽ മറ്റൊരു സർക്കാർ കോളേജിലേക്ക് പരിഗണിക്കുന്നതല്ല. കോ-ഓപ്പറേറ്റീവ് മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളേയും ഈ പ്രവേശന നടപടിക്ക് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾ മുൻപ് രേഖപ്പെടുത്തിയ ഓപ്ഷനുകൾ ഈ അഡ്മിഷന് ബാധകമല്ല. ഈ അഡ്മിഷൻ പ്രക്രിയയിൽ പങ്കെടുക്കാൻ എത്തുന്നവർ അവരുടെ റ്റി.സി. അല്ലെങ്കിൽ അവർ ഇപ്പോൾ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ നൽകാമെന്നുള്ള പ്രിൻസിപ്പലിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും എല്ലാ ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. പഠിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ **26.11.2009** ന് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തിരുവനന്തപുരം
21.11.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**